എൽഡിഎഫ് ബൂത്ത് കൺവൻഷനുകൾ പൂർത്തിയായി

പേരൂർക്കട

തിരുവനന്തപുരം നഗരസഭ മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥിയുടെ ബൂത്ത് കൺവൻഷനുകൾ പൂർത്തിയായി. മൂന്നാം ബൂത്ത് കൺവൻഷൻ സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം എ കെ ബാലൻ ഉദ്ഘാടനംചെയ്തു. നാദ സംഗീത് അധ്യക്ഷനായി. സ്ഥാനാർഥി അജിത് രവീന്ദ്രൻ, ഗ്രാൻഡ്മാസ്റ്റർ ജി എസ് പ്രദീപ്, സിപിഐ എം ജില്ലാ കമ്മിറ്റി അംഗം എസ് പി ദീപക്, വാർഡ് സെക്രട്ടറി എൽ ജോസഫ് വിജയൻ, മുൻ മേയർ കെ ചന്ദ്രിക, ആർ ഗീതാ ഗോപാൽ, ബി രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

കൺവൻഷൻ സെന്റർ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം

വള്ളക്കടവ് മുസ്ലിം ജമാഅത്ത് കൺവൻഷൻ സെന്റർ മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. എ സൈഫുദീൻ ഹാജി അധ്യക്ഷനായി. ഷാജിതാ നാസർ, ഐറിൻദാസ്, എം അബ്ദുൾ റഷീദ് തുടങ്ങിയവർ സംസാരിച്ചു.

ഇന്നത്തെ പരിപാടി

- **ഹോട്ടൽ ഫോർട്ട് മാനർ** ജിഎസ്ടി ഓഡിറ്റർമാർക്ക് പരിശീലനം. മന്ത്രി കെ എൻ ബാലഗോപാൽ. പകൽ 11ന്.
- **ഹോട്ടൽ ഗ്രാന്റ് ചൈത്രം** കിലെ ആഭിമുഖ്യത്തിൽ ചുമട്ടുതൊഴിലാളികൾക്ക് പരിശീലനം. രാവിലെ 10ന്.
- **പുത്തരിക്കണ്ടം** കുടുംബശ്രീ രജതജൂബിലി ആഘോഷം. രാവിലെ 10ന്.
- **എ കെ ജി ഹാൾ** സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ സമ്മേളനം. രാവിലെ 10ന്.
- **സിപിഐ സംസ്ഥാന കമ്മിറ്റി ഓഫീസ്** എം എൻ സ്മാരക ഓഫീസ് ശിലാസ്ഥാപനം. കാനം രാജേന്ദ്രൻ. പകൽ 11ന്.
- **റെയിൽ കല്യാണ മണ്ഡപം** തപാൽവകുപ്പ് റോസ് ഗാർ മേള. രാവിലെ 9ന്.
- **സെന്റ് ജോസഫ് എച്ച്എസ്എസ് ഓഡിറ്റോറിയം** ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം. രാവിലെ 10ന്.
- **അമ്യൂസിയം ആർട്ട് ഗ്യാലറി** കലാപ്രദർശനം. രാവിലെ 10.30ന്.
- **ഹയാത്ത് റീജൻസി** ബിസിനസ് പ്ലസ് മാഗസിൻ പത്താം വാർഷികവും വനിതാ സംരംഭകരെ ആദരിക്കലും. ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ. വൈകിട്ട് 5.30ന്.
- **നാഷണൽ ക്ലബ്** എയ്ഡഡ് കോളേജിൽനിന്നും വിരമിച്ച അധ്യാപകരുടെ കൂട്ടായ്മ 'സ്വാന്ത'ത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ സെമിനാർ. വൈകിട്ട് 4ന്.
- **പ്രസ് ക്ലബ് ഹാൾ** ധ്വനി സിനിമയിലെ ഗാനങ്ങളുടെ വിനൈൽ റെക്കോഡ്. സ്പീക്കർ എ എൻ ഷംസീർ. വൈകിട്ട് 6ന്.
- **ഉള്ളൂർ പ്രശാന്ത് നഗർ** കാമിയോ ലൈറ്റ് അക്കാദമി. ഷിജിനാഥ് അനുസ്മരണം. വൈകിട്ട് 6ന്

തിരുവനന്തപുരം കോർപറേഷൻ മുട്ടട വാർഡ് ഉപ തെരഞ്ഞെടുപ്പ് എൽഡിഎഫ് കൺവൻഷൻ സിപിഐഎം കേന്ദ്ര കമ്മറ്റി അംഗം എ കെ ബാലൻ ഉദ്ഘാടനം ചെയ്യുന്നു

സാന്ത്വന ജങ്ഷൻ വികസനത്തിന് വിജ്ഞാപനമായി

പേരൂർക്കട

അമ്പലംമുക്ക് സാന്ത്വന ആശുപത്രി ജങ്ഷൻ വികസനത്തിന് വിജ്ഞാപനമായി. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ കിഫ്ബി മുഖേന നടപ്പാക്കുന്ന 200 കോടിയുടെ പദ്ധതിയുടെ ഭാഗമായാണ് ജങ്ഷൻ വികസനം സാധ്യമാകുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് പദ്ധതിയുടെ ഡിപിആർ തയ്യാറാക്കും.

കവടിയാർ പേരൂർക്കട റോഡ്, ശ്രീകൃഷ്ണ ക്ഷേത്രം റോഡ്, എൻസിസി റോഡ്, കുറവൻകോണം റോഡ്, പരുത്തിപ്പാറ റോഡ് എന്നിവ ഉൾക്കൊള്ളുന്ന അമ്പലംമുക്ക്, സാന്ത്വന ആശുപത്രി ജങ്ഷനുകളിലെ ഏകദേശം ഒരു കിലോമീറ്റർ റോഡാണ് വികസിപ്പിക്കുന്നത്. 15 .1 മുതൽ 19 .1 മീറ്റർ വരെ വീതിയിലാണ് റോഡ് വികസിക്കുന്നത്. കലുങ്കുകൾ, ഓടകൾ, ഫുട്പാത്ത്, ട്രാഫിക് സുരക്ഷാ സംവിധാനങ്ങൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. ഐആർസി കോഡ് പ്രകാരമുള്ള ട്രാഫിക് ഐലന്റുകളും മീഡിയനുകളും ഒരുക്കും. ഏകദേശം 125 സെന്റ് ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുക. കവടിയാർ, പേരൂർക്കട, കുടപ്പനക്കുന്ന് വില്ലേജുകളിൽനിന്ന് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കും.

പേരൂർക്കട മേൽപ്പാലത്തിനൊപ്പം അമ്പലംമുക്ക് സാന്ത്വന ജങ്ഷൻ വികസനവും സാധ്യമാകുന്നതോടെ ഈ മേഖലയിലെ ഗതാഗത പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന് വി കെ പ്രശാന്ത് എംഎൽഎ അറിയിച്ചു.

കർഷക തൊഴിലാളി യൂണിയൻ പേരൂർക്കട ഏരിയ കമ്മിറ്റി സംഘടിപ്പിച്ച ആർഡിഒ ഓഫീസ് മാർച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്യുന്നു

കെഎസ്കെടിയു ആർഡിഒ ഓഫീസ് മാർച്ച് നടത്തി

പേരൂർക്കട

കർഷക തൊഴിലാളി യൂണിയൻ പേരൂർക്കട ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആർഡിഒ ഓഫീസ് മാർച്ചും ധർണയും സംഘടിപ്പിച്ചു. കടയിൽ മുടുമ്പ് പ്രദേശത്ത് ഒരേക്കർ 32 സെന്റ് നെൽവയൽ തണ്ണീർത്തടം മണ്ണിട്ട് നികത്താൻ നൽകിയ ഉത്തരവ് റദ്ദ് ചെയ്യുക, കൃഷി ഭൂമിയും ജലസ്രോതസ്സും സംരക്ഷിക്കുക, നെൽവയൽ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, നെൽവയൽ മണ്ണിട്ട് നികത്തുവാൻ അനുവാദം നൽകിയ വട്ടിയൂർക്കാവ് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ചും ധർണയും. സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ ഏരിയ പ്രസിഡന്റ് ജി സ്റ്റാൻലി അധ്യക്ഷനായി. ജില്ലാ സെക്രട്ടറി കെ ശശാങ്കൻ, ഏരിയ സെക്രട്ടറി ആർ ദിനേശ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ ഷേർളി കുമാർ, സി അജിത് കുമാർ, സി രവി, സിന്ധു, പ്രേമൻ, ബി ശരത്ചന്ദ്രകുമാർ എന്നിവർ സംസാരിച്ചു.

പ്രവാസി മിത്രം പോർട്ടൽ ഉദ്ഘാടനം നാളെ

തിരുവനന്തപുരം

പ്രവാസികൾക്ക് റവന്യൂ സർവേ വകുപ്പുകളിലെ വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളുടെ നിലവിലെ സ്ഥിതി യഥാസമയം അറിയുന്നതിന് റവന്യൂവകുപ്പ് തയ്യാറാക്കിയ പ്രവാസി മിത്രം ഓൺലൈൻ പോർട്ടലിന്റെയും പ്രവാസി സെല്ലിന്റെയും ഉദ്ഘാടനം ബുധൻ വൈകിട്ട് നാലരയ്ക്ക് നിയമസഭാ മന്ദിരത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഗതാഗത നിയന്ത്രണം

തിരുവനന്തപുരം

തേക്കുംമൂട് പൊട്ടക്കുഴി റോഡിൽ വിവിധയിടങ്ങളിൽ ഓടയുടെയും കലുങ്കിന്റെയും പുനർനിർമാണ പ്രവൃത്തികൾ നടക്കുന്നതിനാൽ ബുധനാഴ്ച മുതൽ ജൂൺ 16 ഇതുവഴിയുള്ള ഗതാഗതം നിയന്ത്രിച്ചു.

എൽഡിഎഫ് സർക്കാരിന്റെ രണ്ടാം വാർഷികം: വികസന വിളംബര ജാഥ

കോവളം

വിഴിഞ്ഞത്ത് സംഘടിപ്പിച്ച ജാഥ ഡോ. ടി എൻ സീമ ഫ്ളാഗ് ഓഫ് ചെയ്യുന്നു

എൽഡിഎഫ് സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി കോവളം മണ്ഡലത്തിൽ സംഘടിപ്പിച്ച വികസന വിളംബര ജാഥ വിഴിഞ്ഞത്ത് സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം ടി എൻ സീമ ഫ്ളാഗ് ഓഫ്ചെയ്തു.

വിഴിഞ്ഞത്ത് സംഘടിപ്പിച്ച സമാപനയോഗത്തിൽ സിപിഐ എം കോവളം ഏരിയ കമ്മിറ്റി അംഗം ഉച്ചക്കട ചന്ദ്രൻ അധ്യക്ഷനായി. യോഗത്തിൽ സിപിഐ എം കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാർ, ജില്ലാ കമ്മിറ്റി അംഗം പി രാജേന്ദ്രകുമാർ, പികെഎസ് സംസ്ഥാന ട്രഷറർ വണ്ടിത്തടം മധു, ജനതാദൾ മണ്ഡലം പ്രസിഡന്റ് തെന്നൂർക്കോണം ബാബു, വിഴിഞ്ഞം ജയകുമാർ, കേരള കോൺഗ്രസ് നേതാവ് ജോസ് പ്രകാശ്, സിപിഐ എം വിഴിഞ്ഞം ലോക്കൽ സെക്രട്ടറി യു സുധീർ എന്നിവർ സംസാരിച്ചു. ബുധനാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ വിഴിഞ്ഞത്ത് ബഹുജനസമ്മേളനം ഉദ്ഘാടനം ചെയ്യും.

വൈബ് കൈമാറ്റ ചന്ത സമാപിച്ചു

പാളയം

വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡിന്റെ (വൈബ്) നേതൃത്വത്തിൽ ആരംഭിച്ച ഫ്ലീ മാർക്കറ്റിന്റെ നാലാമത് എഡിഷൻ സമാപിച്ചു. വി കെ പ്രശാന്ത് എംഎൽഎ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരള യൂണിവേഴ്സിറ്റി യൂണിയനുമായി സഹകരിച്ച് പിഎംജിയിലുള്ള സ്റ്റുഡന്റ് സെന്ററിലാണ് കൈമാറ്റ ചന്ത സംഘടിപ്പിച്ചത്.

ചില്ലർ, മ്യൂസിക്ക് പ്ലയർ, വാട്ടർ ബെഡ്, ക്രച്ചസ്, വാക്കർ, സൈക്കിൾ, ക്ലോക്കുകൾ, വാച്ചുകൾ, ബാഗുകൾ, കളിക്കോപ്പുകൾ, ഫാൻസി ആഭരണങ്ങൾ, വസ്ത്രങ്ങൾ, പാദരക്ഷകൾ, ടെലിവിഷനുകൾ, ഫർണിച്ചറുകൾ, പുസ്തകങ്ങൾ, പെയിന്റിങ്ങുകൾ, വാക്വം ക്ലീനർ, ഗ്യാസ് സ്റ്റൗ, കളർ പ്രിന്റർ, ഓഫീസ് ചെയർ, പാത്രങ്ങൾ, ഡിന്നർസെറ്റുകൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങളാണ് കൈമാറ്റച്ചന്തയിലേക്ക് എത്തിയത്.

ഉൽപ്പന്നങ്ങൾ കൈപ്പറ്റിയവരിൽനിന്ന് ചെറിയ തുക ഈടാക്കി. ഇത്തരത്തിൽ ലഭിച്ചതിൽനിന്ന് കൈമാറ്റച്ചന്തയുടെ സംഘാടനത്തിന് ചെലവായ തുകയുടെ ബാക്കി നിയോജക മണ്ഡലത്തിലെ ഏറ്റവും അർഹരായ കുടുംബത്തിന് വീട് നിർമിച്ചു നൽകുന്നതിനുള്ള പ്രാരംഭ ഫണ്ടായി വകയിരുത്തും.

കൈമാറ്റച്ചന്തയിലേക്ക് സാധനങ്ങൾ കൈമാറുന്നതിന് വിദ്യാർഥികൾക്ക് പ്രേരണ നൽകിയ കാർമൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ എൻഎസ്എസ് കോ ഓർഡിനേറ്റർമാരെയും കഴിഞ്ഞ ഫ്ലീ മാർക്കറ്റുകളിലേക്ക് ഉൽപ്പന്നങ്ങൾ കൈമാറിയവരെയും സമാപന ചടങ്ങിൽ ആദരിച്ചു.

വട്ടിയൂർക്കാവ് നിയോജക മണ്ഡലം ടെക്നിക്കൽ കമ്മിറ്റി അംഗം കെ കെ കൃഷ്ണകുമാർ, കൗൺസിലർ എം എസ് കസ്തൂരി, വൈബ്കോസ് പ്രസിഡന്റ് സി എസ് രതീഷ്, ശിശുക്ഷേമ സമിതി ജില്ലാ വൈസ് പ്രസിഡന്റ് ആർ എസ് കിരൺദേവ്, വൈബ് പ്രസിഡന്റ് സൂരജ് സുരേന്ദ്രൻ, സെക്രട്ടറി ഉണ്ണിക്കൃഷ്ണൻ, ട്രഷറർ കാർത്തിക്, വൈബ് വൈസ് പ്രസിഡന്റ് ശ്രീലേഖ എന്നിവർ പങ്കെടുത്തു.

മതപാഠശാലയിൽ വിദ്യാർഥിയുടെ മരണം: അന്വേഷണം ഊർജിതം

ആത്മഹത്യയെന്ന് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട്

നേമം

ബാലരാമപുരത്ത് മതപാഠശാല വിദ്യാർഥിയെ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയ സംഭവത്തിൽ ആത്മഹത്യയെന്ന് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ബന്ധുകൾ ദുരൂഹത ആരോപിച്ചതിനാൽ പൊലീസ് അന്വേഷണം ഊർജിതമാക്കി. മദ്രസ വിദ്യാർഥികളുടെയും ജീവനക്കാരുടെയും മൊഴി പൊലീസ് രേഖപ്പെടുത്തി. ബാലരാമപുരം എസ്എച്ച്ഒയുടെ നേതൃത്വത്തിൽ പ്രത്യേക സംഘമാണ് അന്വേഷിക്കുന്നത്. ആത്മഹത്യക്ക് പ്രേരിപ്പിച്ച കാരണത്തെ കുറിച്ചും അന്വേഷിക്കും.

ഇടമനക്കുഴിയിൽ അൽ അമൻ മദ്രസ വിദ്യാർഥി പൂന്തുറ വള്ളക്കടവ് വലിയവിളാകം വീട്ടിൽ നാസറുദീന്റെയും റഹ്മത്ത് ബീവിയുടെയും മകൾ അസ്മിയ മോളെ(17)യാണ് മദ്രസ ലൈബ്രറിക്കുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

മഹിളാ അസോസിയേഷൻ ശുചീകരണം നടത്തി

പാളയം

അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ പാളയം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ, 'വലിച്ചെറിയൽ മുക്ത കേരളം' ക്യാമ്പയിനിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനം നടത്തി. കണ്ണമ്മൂല വാർഡിൽ ജില്ലാ സെക്രട്ടറി ശ്രീജാ ഷൈജുദേവ് ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് കെ ബി ശോഭന കുമാരി, ഏരിയ പ്രസിഡന്റ് ബിന്ദു ശ്രീകുമാർ, ജില്ലാ കമ്മിറ്റിയംഗം ജി കെ ലളിതകുമാരി, വാർഡ് കൗൺസിലർ എസ് എസ് ശരണ്യ, ശാന്തി എന്നിവർ സംസാരിച്ചു.

യുവാവിനെ തട്ടിക്കൊണ്ടുപോയ പ്രതികൾ പിടിയിൽ

തിരുവനന്തപുരം

ശംഖുംമുഖത്തുനിന്ന് യുവാവിനെ തട്ടിക്കൊണ്ടുപോയ സംഭവത്തിലെയും സ്വീവേജ് പ്ലാന്റിന് സമീപം പൊലീസുകാരനെ വാഹനമിടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെയും പ്രതികൾ പിടിയിൽ. വലിയതുറ സ്വദേശി പ്രവീൺ ഫ്രാൻസിസ് (തക്കാളി പ്രവീൺ), കൂട്ടാളി അബ്ദുള്ള (അബ്ദു) എന്നിവരെയാണ് വലിയതുറ പൊലീസ് തമിഴ്നാട്ടിൽനിന്ന് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ സെപ്തംബറിൽ കരകുളം സ്വദേശിയായ സച്ചിനെന്ന യുവാവിനെ അബ്ദുള്ള തട്ടിക്കൊണ്ടുപോയി ഉപദ്രവിച്ചിരുന്നു. കേസ് അന്വേഷിച്ച സംഘത്തിലെ പൊലീസുദ്യോഗസ്ഥനെ കാറിടിച്ച് കൊല്ലാൻ ശ്രമിച്ച കേസിലും ഇരുവരും പ്രതികളാണ്. ഇരുവരെയും പിടികൂടാൻ പ്രത്യേകാന്വേഷണ സംഘം രൂപീകരിച്ചിരുന്നു. തമിഴ്നാട്ടിലെ കടിയപട്ടണത്ത് ഒളിവിൽ കഴിയുമ്പോഴാണ് ഇരുവരെയും പൊലീസ് സാഹസികമായി പിടികൂടിയത്. നിരവധി മോഷണക്കേസിലും കൂലിത്തല്ല് കേസിലും പ്രതിയാണ് അബ്ദുള്ള.

ശംഖുംമുഖം അസി. കമീഷണർ ഡി കെ പൃഥ്വിരാജിന്റെ നേതൃത്വത്തിൽ വലിയതുറ സിഐ രതീഷ്, എസ്ഐമാരായ ഇൻസമാം, അജേഷ്കുമാർ, സിവിൽ പൊലീസ് ഓഫീസർമാരായ മനു, ഷിബി, ശ്യാം എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടിച്ചത്.

എഐവൈഎഫ് തെക്കൻ മേഖലാ കാൽനട ജാഥയ്ക്ക് തുടക്കമായി

തിരുവനന്തപുരം

'ഒരുമിച്ച് നടക്കാം വർഗീയതയ്ക്കെതിരെ, ഒന്നായി പൊരുതാം തൊഴിലിനുവേണ്ടി' എന്ന മുദ്രാവാക്യമുയർത്തി എഐവൈഎഫ് സേവ് ഇന്ത്യാ മാർച്ച് എന്ന പേരിൽ സംഘടിപ്പിക്കുന്ന തെക്കൻ മേഖലാ കാൽനട ജാഥയ്ക്ക് തുടക്കമായി. ജനറൽ സെക്രട്ടറി ആർ തിരുമലൈ ഉദ്ഘാടനംചെയ്തു.

ജാഥാ ക്യാപ്റ്റൻ എഐവൈഎഫ് സംസ്ഥാന സെക്രട്ടറി ടി ടി ജിസ്മോന് ആർ തിരുമലൈ പതാക കൈമാറി. ഏഴു ജില്ലയിലെ പര്യടനത്തിനുശേഷം ജാഥ 28ന് തൃശൂരിൽ സമാപിക്കും.

സിപിഐ അസി. സെക്രട്ടറി പി പി സുനീർ, മന്ത്രി ജി ആർ അനിൽ, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം എൻ രാജൻ, എഐവൈഎഫ് സംസ്ഥാന പ്രസിഡന്റ് എൻ അരുൺ, സിപിഐ ജില്ലാ സെക്രട്ടറി മാങ്കോട് രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

മെഡിക്കൽ കോളേജ് പരിസരത്തെ സാമൂഹ്യ വിരുദ്ധർക്കെതിരെ നടപടി

തിരുവനന്തപുരം

മെഡിക്കൽ കോളേജ് ക്യാമ്പസിൽ അനധികൃതമായി തമ്പടിക്കുന്നവരെ ഒഴിപ്പിക്കാൻ നടപടി ആരംഭിച്ചു. ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ രണ്ടുപേരെ പിടികൂടി പൊലീസിന് കൈമാറി. കഴിഞ്ഞ ദിവസം മദ്യക്കുപ്പികളുമായി പിടികൂടിയവരിൽനിന്ന് കത്തികളും കണ്ടെത്തിയിരുന്നു. ക്യാമ്പസിലെ പാർക്കിങ് ഏരിയ കേന്ദ്രീകരിച്ച് സാമൂഹ്യ വിരുദ്ധർ തമ്പടിക്കുന്നതായി ആക്ഷേപം ഉയർന്നതിനെത്തുടർന്നാണ് നടപടി.

നാൽപ്പതോളം സാമൂഹ്യ വിരുദ്ധർ സ്ഥിരമായി ആശുപത്രി വളപ്പിൽ തമ്പടിക്കുന്നതായി സുരക്ഷാ വിഭാഗം കണ്ടെത്തിയിട്ടുണ്ട്. രാത്രി മദ്യക്കുപ്പികളുമായാണ് പലരും എത്തുന്നത്. പല കേസുകളിലും പ്രതികളായ ഇവരെ പൊലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. മദ്യസേവ ചോദ്യം ചെയ്താൽ ഭീഷണിപ്പെടുത്തുന്നതായി സുരക്ഷാ ജീവനക്കാരും പറയുന്നു. അടുത്തിടെ ഒപി ബ്ലോക്കിലിരുന്ന് മദ്യപിക്കാൻ അനുവദിക്കാത്ത സുരക്ഷാ ജീവനക്കാരനെ ചവിട്ടി വീഴ്ത്തിയ സംഭവമുണ്ടായിരുന്നു. എന്നാൽ, ഈ പ്രതികളെ വെള്ളപൂശുകയും സുരക്ഷാ ജീവനക്കാരെ ക്രിമിനലുകളായി മുദ്രകുത്താനുമാണ് ചില മാധ്യമങ്ങൾ ശ്രമിച്ചത്.

പൊലീസ് പട്രോളിങ്ങിനിടെ ആക്രമണം

ചാല

ബീമാപള്ളിയിൽ പൊലീസ് പട്രോളിങ് സംഘത്തിന് നേരെ ആക്രമണം. എസ്ഐക്ക് പരിക്കേറ്റു. പൂന്തുറ സ്റ്റേഷനിലെ ഗ്രേഡ് എസ് ഐ ജയപ്രകാശിനു നേരെയാണ് ആക്രമണമുണ്ടായത്. പട്രോളിങ് സംഘം വാഹന പരിശോധന നടത്തുന്നതിനിടെയാണ് അഞ്ചംഗ സംഘം ആക്രമിച്ചത്. പരിശോധനയ്ക്കിടെ പ്രകോപിതരായ പ്രതികൾ അക്രമാസക്തരാകുകയും എസ്ഐയുടെയും കൂടെയുണ്ടായിരുന്ന പൊലീസുകാരുടെയും നേരെ കമ്പികൊണ്ട് അടിക്കുകയുമായിരുന്നു. കൂടുതൽ പൊലീസ് എത്തിയതോടെ പ്രതികൾ ഓടി രക്ഷപ്പെട്ടു.

വിഴിഞ്ഞം തുറമുഖം വർക്ഷോപ്പ് മന്ദിരം ഉദ്ഘാടനം നാളെ

കോവളം

വിഴിഞ്ഞം തുറമുഖത്ത് വർക്ഷോപ്പ് മന്ദിരം ബുധൻ വൈകിട്ട് നാലിന് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. മന്ത്രി അഹമ്മദ് ദേവർകോവിൽ അധ്യക്ഷനാകും. കാലവർഷ സാഹചര്യം കണക്കിലെടുത്ത് പുലിമുട്ട് നിർമാണം അടുത്ത ദിവസം നിർത്തും. ആദ്യഘട്ടം വേണ്ട പുലിമുട്ടിന്റെ നീളം പൂർത്തിയായി. പുലിമുട്ടിന്റെ കരയിലുള്ള കല്ലിടലാണ് നിർത്തിവയ്ക്കുന്നത്. എന്നാൽ ബാർജ് വഴി കടലിലൂടെയുള്ള കല്ലിടൽ തുടരും. പൂർത്തിയായ പുലിമുട്ട് ഭാഗം അക്രോപോഡുകളും വലിയ പാറകളും നിരത്തി സംരക്ഷിക്കുന്ന ജോലിയും തുടരുകയാണ്. ഓണത്തോടെ കപ്പൽ അടുപ്പിക്കുന്നതിനുള്ള പണികൾ അതിവേഗം തുടരുകയാണ്.

ബെർത്തിൽ സ്ലാബ് സ്ഥാപിച്ചു തുടങ്ങി. കടൽ നികത്തിയെടുത്ത സ്ഥലത്ത് യാർഡുകൾ സ്ഥാപിക്കും. പുലിമുട്ട് ബ്രേക്ക് വാട്ടർ നിർമാണം 2250 മീറ്ററായി. പോർട്ട് ഓപ്പറേറ്റിങ് മന്ദിരത്തിനു സമീപമാണ് വലിയ വർക്ഷോപ്പ്. കണ്ടെയ്നറുകളുടെ കയറ്റിറക്കൽ നടത്താനുള്ള ക്രെയിനുകളുൾപ്പെടെ തുറമുഖത്തെയും കപ്പലുകളുടെ ചില സാങ്കേതിക യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണിക്കുമാണ് വർക്ഷോപ്പ്. 800 മീറ്റർ നീളത്തിൽ സജ്ജമായ ബർത്തിൽ ആദ്യഘട്ടത്തിൽ 350 മുതൽ 400 വരെയുള്ള നീളമാണ് പ്രവർത്തനസജ്ജമാക്കുന്നത്. ഇതിനായി കോൺക്രീറ്റ് സ്ലാബുകൾ സ്ഥാപിക്കുന്നതടക്കമുള്ള ജോലികളാണ് പുരോഗമിക്കുന്നത്. ഇന്റർലോക്കും ക്രെയിനുകൾ ഓടാനുള്ള റെയിലുകളും സ്ഥാപിക്കുന്നതോടെ യാർഡിന്റെ പണി പൂർത്തിയാകും.

റഡാർ സ്റ്റേഷനിൽ അതിക്രമിച്ചു കയറിയ രാജസ്ഥാൻ സ്വദേശി പിടിയിൽ

നേമം

മൂക്കുന്നിമലയിലെ എയർ ഫോഴ്സിന്റെ റഡാർ സ്റ്റേഷനുള്ളിൽ അതിക്രമിച്ചു കയറിയ ആൾ പിടിയിൽ. രാജസ്ഥാൻ സ്വദേശി മഹേന്ദർ ആണ് പിടിയിലായത്. ഞായർ വൈകിട്ട് നാലോടെയാണ് സംഭവം. റഡാർ സ്റ്റേഷനിലെ ഫെൻസിങ്ങിനിടയിൽക്കൂടി നുഴഞ്ഞുകയറിയ ഇയാളെ എയർഫോഴ്സ് ഉദ്യോഗസ്ഥർ പിടികൂടി നേമം പൊലീസിന് കൈമാറുകയായിരുന്നു. മഹേന്ദർ എങ്ങനെയാണ് ഈ ഭാഗത്ത് എത്തിയതെന്ന് വ്യക്തമല്ല. എയർഫോഴ്സ് സ്റ്റേഷനിൽ അതിക്രമിച്ചു കയറിയതിന് നേമം പൊലീസ് ഇയാൾക്കെതിരേ കേസെടുത്തു.

കെഎംസിഎസ്‌യു 54–ാം സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ മേയർ ആര്യ രാജേന്ദ്രൻ പ്രകാശിപ്പിക്കുന്നു

കെഎംസിഎസ്‌യു സംസ്ഥാന സമ്മേളനം: ലോഗോ പ്രകാശിപ്പിച്ചു

തിരുവനന്തപുരം

മുനിസിപ്പൽ ആൻഡ് കോർപറേഷൻ സ്റ്റാഫ് യൂണിയൻ (കെഎംസിഎസ്‌യു) 54–ാം സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ മേയർ ആര്യ രാജേന്ദ്രൻ പ്രകാശിപ്പിച്ചു. യൂണിവേഴ്സിറ്റി കോളേജിൽ 24,25,26 തീയതികളിൽ നടക്കുന്ന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. മരാമത്ത് സ്ഥിരംസമിതി അധ്യക്ഷൻ മേടയിൽ വിക്രമൻ അധ്യക്ഷനായി. യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് എസ് എസ് മിനു, ജനറൽ സെക്രട്ടറി പി സുരേഷ്, കൗൺസിലർ കൃഷ്ണകുമാർ, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ കെ രാജൻ, എസ് സജീവ്, ജില്ലാ പ്രസിഡന്റ് ആർ വി ഷിബു, സെക്രട്ടറി ഒ ബിജി, വി രഞ്ജു, എം ഹരീഷ് കുമാർ എന്നിവർ സംസാരിച്ചു.

സൂചനാ പണിമുടക്ക് നടത്തി

തിരുവനന്തപുരം

കേരള ഐസിപിഎസ് എംപ്ലോയ്മെന്റ് യൂണിയൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർ വിവിധ ആവശ്യങ്ങളുന്നയിച്ച് വനിതാ ശിശു വികസന ഡയറക്ടറേറ്റിന് മുന്നിൽ പണിമുടക്ക് സമരം നടത്തി.

സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം മണ്ണാറം രാമചന്ദ്രൻ ഉദ്ഘാടനംചെയ്തു.

ജീവനക്കാരുടെ വെട്ടിക്കുറച്ച വേതനം പുനഃസ്ഥാപിക്കുക, കരാർ സമയബന്ധിതമായി പുതുക്കുക, മൂന്ന് വർഷ കരാർ നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സൂചനാ പണിമുടക്ക് സംഘടിപ്പിച്ചു.

സംസ്ഥാന ജോയിന്റ് സെക്രട്ടറി നിഷാദ് അധ്യക്ഷനായി. യൂണിയൻ ജില്ലാ സെക്രട്ടറി നിമ്മി, ജില്ലാ പ്രസിഡന്റ് ലക്ഷ്മി എന്നിവർ സംസാരിച്ചു.

കെൽട്രോണിൽ ഓൺലൈൻ ശിൽപ്പശാല

തിരുവനന്തപുരം

കെൽട്രോൺ നടത്തുന്ന ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിങ് കോഴ്സിന്റെ സൗജന്യ ഓൺലൈൻ ശിൽപ്പശാല 18നും19നും20 നും രാത്രി 7 മുതൽ 8 വരെ നടത്തും. പങ്കെടുക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഫോൺ: 9072592412, 9072592416.

ഭാര്യയെ ആക്രമിച്ച യുവാവ് അറസ്റ്റിൽ

കോവളം

രതീഷ്

വീട്ടിൽ അതിക്രമിച്ച് കയറി ഭാര്യയെയും മക്കളെയും ഉപദ്രവിച്ച യുവാവിനെ കോവളം പൊലീസ് അറസ്റ്റുചെയ്തു. കോടതിയുടെ സംരക്ഷണ ഉത്തരവു നിലനിൽക്കെയാണ് ഇയാൾ ആക്രമണം നടത്തിയത്. കല്ലിയൂർ പൂങ്കുളം ആനകുഴി ചരുവിളവീട്ടിൽ രതീഷ് (38) ആണ് അറസ്റ്റിലായത്. ഭാര്യ ഗ്രീഷ്മ ഒറ്റയ്ക്ക് താമസിക്കുന്ന വീട്ടിൽ അതിക്രമിച്ച കയറുകയും വീട്ടിലെ ടിവി മറ്റ് സാധനങ്ങൾ അടിച്ചുതകർക്കുകയും തുടർന്ന് ഗ്രീഷ്മയെ വീട്ടിലുണ്ടായിരുന്ന കമ്പി വടി ഉപയോഗിച്ച് തലയ്ക്ക് അടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു എന്നാണ് കേസ്. പരിക്കേറ്റ ഗ്രീഷ്മ ചികിത്സയിലായിരുന്നു. സംഭവ ദിവസത്തിനുശേഷം പ്രതി ഒളിവിൽ പോയി. പ്രതിയെ കോവളം സിഐ ബിജോയ്, എസ്ഐ അനീഷ്, സിപിഒമാരായ വിഷ്ണു, സുഭാഷ്, സുരേന്ദ്രൻ എന്നിവർ ചേർന്നാണ് അറസ്റ്റുചെയ്തത്.

എൻജിഒ യൂണിയൻ സെമിനാർ

ബാലരാമപുരം

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളനത്തോടനുബന്ധിച്ച് 'ശാസ്ത്രവും സാമൂഹിക വളർച്ചയും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ഫാസിസം ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് അറിവിനെയാണെന്ന് അദ്ദേഹം പറഞ്ഞു.

കെ ആൻസലൻ എംഎൽഎ അധ്യക്ഷനായി. ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡന്റ് ബി രമേഷ്, എൻജിഒ യൂണിയൻ സംസ്ഥാന സെക്രട്ടറി വി കെ ഷീജ, സൗത്ത് ജില്ലാ സെക്രട്ടറി എസ് സജീവ് കുമാർ, ആർ ഐ ശ്രീഹരി എന്നിവർ സംസാരിച്ചു.

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളനത്തോടനുബന്ധിച്ച് 'ശാസ്ത്രവും സാമൂഹിക വളർച്ചയും' എന്ന വിഷയത്തിൽ സെമിനാർ പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു

90 കിലോ കഞ്ചാവ് കടത്തിയ കേസിലെ പ്രതികൾ കസ്റ്റഡിയിൽ

തിരുവനന്തപുരം

90 കിലോ കഞ്ചാവ് കടത്തിയ കേസിലെ നാല് പ്രതികളെ കോടതി രണ്ട് ദിവസത്തെ കസ്റ്റഡിയിൽ വിട്ടു. ജഗതി സത്യനഗർ സ്വദേശി അഖിൽ, മാറനല്ലൂർ കരിങ്ങൽ വിഷ്ണു ഭവനിൽ ബോലേറ വിഷ്ണു, തിരുവല്ലം മേനിലം ചെമ്മണ്ണ് വിള പുത്തൻ വീട്ടിൽ ചൊക്കൻ രതീഷ്, തിരുവല്ലം കരിങ്കടമുകൾ ശാസ്താഭവനിൽ രതീഷ് എന്നിവരാണ് കേസിലെ പ്രതികൾ.

പ്രതികൾക്ക് അന്തർസംസ്ഥാന ബന്ധമുണ്ടെന്ന് എക്സൈസ് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. കഞ്ചാവിന്റെ വിപണന ശൃംഖല കണ്ടെത്താൻ പ്രതികളെ കസ്റ്റഡിയിൽ വേണമെന്ന പ്രോസിക്യൂഷൻ ആവശ്യം പരിഗണിച്ചാണ് കോടതി നടപടി.

കഴിഞ്ഞ ഏഴിന് കണ്ണേറ്റ്മുക്കിൽ വച്ച് റേഞ്ച് എക്സൈസ് ഇൻസ്പെക്ടർ വി ജി സുനിൽ കുമാറിന്റെ നേതൃത്വത്തിലാണ് പ്രതികളെ കഞ്ചാവുമായി പിടിച്ചത്. വാഹന പരിശോധനയിൽ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കാനായി പ്രതി വിഷ്ണുവിന്റെ ഭാര്യയെയും മകളെയും കാറിൽ പ്രതികൾ ഒപ്പം കൂട്ടിയിരുന്നു.

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
- നെയ്യർ (11.00, 6.00, 9.15)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
- 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 - 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- നെയ്യർ (11.15, 2.15, 10.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- 2018 (11..30, 3.00, 6.30, 10.00)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
- പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- ഫർഹാന (11.00, 10.10)
- IB71 (1.45)
- EVIL DEAD (4.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഓഡി 4
- കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
- ജാനകി ജാനെ (10.30)

ഓഡി 5
- GUARDIANS OF THE GALAXY (10.15)
- 2018 (1.15, 4.30, 7.45, 11.00)

ഓഡി 6
- ജാനകി ജാനെ (10.00)
- പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

ചാനൽ സിനിമ

കൈരളി

6.30	പിൻഗാമി
9.00	മധുരൈ
12.00	ഈസ്റ്റ് ഡ്രാഗൺ
4.00	ശിവകാശി
6.30	ജൂൺ
10.00	പോക്കിരി

വി

7.00	സിന്ദൂരരേഖ
10.30	ജംഗ
1.30	ക്രേസി ഗോപാലൻ
5.00	ഒപ്പം
8.00	കഥപറയുമ്പോൾ
11.00	ആരണ്യകം

ഏഷ്യാനെറ്റ്

9.30	ഹെവൻ

ഏഷ്യാനെറ്റ് പ്ലസ്

5.30	സ്വാതിതിരുനാൾ
9.30	കിലുകിൽപമ്പരം
3.00	ദ്രോണ - 2010
11.00	അസുരവിത്ത്

ഏഷ്യാനെറ്റ് മൂവീസ്

7.00	ഒരു ഇന്ത്യൻ പ്രണയകഥ
10.00	ജൂൺ
1.00	മൈ ബോസ്
4.00	പതിനെട്ടാംപടി
7.00	ഹൃദയം
10.30	കുട്ടികളുണ്ട് സൂക്ഷിക്കുക

സൂര്യ

8.30	അനുരാഗ കരിക്കിൻവെള്ളം
2.30	മീനത്തിൽ താലികെട്ട്

സൂര്യ മൂവീസ്

7.00	റണ്ണർ
10.00	കൃഷ്ണ ഗോപാലകൃഷ്ണ
1.00	തനിയാവർത്തനം
4.00	നാടോടി
7.00	ലവ് ഇൻ സിംഗപ്പൂർ
10.00	മായാനദി

എസിവി

900	ഈറ്റില്ലം
2.00	1921
9.30	കിടു